പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *288

23.03.2015-ലെ മറുപടിക്ക്

## അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പാൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

(എ) അന്യ സംസ്ഥാന സ്ഥാപനങ്ങളിൽ നിന്നുള്ള പാലിനെ ആശ്രയിക്കേണ്ടാത്ത സ്ഥിതിയിലേയ്ക്ക് സംസ്ഥാനത്തെ സജ്ജമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എ) പാലുല്പാദനത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമിട്ട് ക്ഷീരകർഷകരെ സഹായിക്കുന്നതിനുവേണ്ടി സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റയ്ക്ക് 1/- രൂപ സബ്സിഡി, പാലുല്പാദനച്ചെലവ് കുറയ്ക്കുന്നതിനു വേണ്ടി തീറ്റപ്പുൽക്കൃഷി വികസന പദ്ധതി, സങ്കരയിനം പശുക്കുട്ടികളെ അന്യ-സംസ്ഥാനത്തു നിന്നും വാങ്ങി നൽകുന്ന എം.എസ്.ഡി.പി. പദ്ധതി, ക്ഷീരകർഷക ക്ഷേമനിധി മുഖേന അർഹരായ ക്ഷീരകർഷകർക്ക് പെൻഷൻ എന്നിവ നടപ്പിലാക്കി വരുന്നു.

പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമിട്ട് മിൽമയുടെ മൂന്ന് മേഖലാ യൂണിയനുകളും കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും വിവിധ പദ്ധതികളിലൂടെയും സ്വന്തം ഫണ്ടു-പയോഗിച്ചും പദ്ധതികൾ നടപ്പിലാക്കി-വരുന്നുണ്ട്.

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന പാലിന്റെ ഗുണനിലവാരവും പരിശുദ്ധിയും ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങളും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളും വിശദമാക്കുമോ;

(ബി) ഫുഡ് സേഫ്റ്റി സ്റ്റാൻേഡർഡ്സ് ആക്ട് 2006 നിലവിൽ വന്നതോടു കൂടി ഗുണനിലവാരം കുറഞ്ഞതോ മായം കലർന്നതോ ആയ പാലിനും പാലുല്പന്ന-ങ്ങൾക്കുമെതിരെ നിയമനടപടി സ്വീകരി-ക്കുന്നതിനുള്ള അധികാരം ഫുഡ് സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമായിട്ടുണ്ട്. ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ, സംസ്ഥാനത്ത് വിതരണം നടത്തുന്ന വിവിധ ബ്രാന്റ് പാൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധന

നടത്തി റിപ്പോർട്ട് ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നൽകിവരുന്നു. കൂടാതെ ഫുഡ് സേഫ്റ്റി കമ്മീഷറുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന അനലറ്റിക്കൽ ലാബുകളിലും പാൽ സാമ്പിളുകളുടെ പരിശോധന നടത്തുകയും ഗുണനിലവാരമില്ലാത്തതോ മായം ചേർത്തതോ ആയ സാമ്പിളുകളിന്മേൽ ഉത്തരവാദികൾക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ആഭ്യന്തര ഉപഭോഗം കൂടുന്ന സന്ദർഭങ്ങളിൽ മിൽമ അന്യസംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കാറുണ്ട്.

സി) സംസ്ഥാനത്ത് പാലിന്റെയും പാലുല്പന്നങ്ങളുടെയും പ്രതിവർഷ ഉപയോഗവും തദ്ദേശ ഉല്പാദനവും സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

സി) കേരളത്തിൽ പാലിന്റെ പ്രതിവർഷ ആവശ്യകത 31.78 ലക്ഷം മെട്രിക് ടണും, പ്രതിവർഷ ഉല്പാദനം 29.03 ലക്ഷം മെട്രിക് ടണും ആണ്.

സംസ്ഥാനത്ത് മിൽമ കഴിഞ്ഞ വർഷം ഉല്പാദിപ്പിച്ച് വിപണനം ചെയ്ത പാലുല്പന്നങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഉല്പന്നങ്ങൾ | 2013-2014 |
|---|---|
| നെയ്യ് | 4583.7 ടൺ |
| തൈര് | 30359148 കിലോഗ്രാം |
| വെണ്ണ | 309 ടൺ |
| ഐസ് ക്രീം | 1788849 ലിറ്റർ |
| സംഭാരം | 17312630 പായ്ക്കറ്റ് |
| മിൽമ പ്ലസ് | 1596082 ബോട്ടിൽസ് |

സെക്ഷൻ ഓഫീസർ